©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2021 ആഗസ്റ്റ് 24<br>24th August 2021<br>1197 ചിങ്ങം 8<br>8th Chingam 1197<br>1943 ഭാദ്രം 2<br>2nd Bhadra 1943 | നമ്പർ<br>No. 2455 |


### കേരള സർക്കാർ

### നിയമ (നിയമനിർമ്മാണം-ജി) വകുപ്പ്

### വിജ്ഞാപനം

നമ്പർ 3776/ലെഗ്.ജി2/2021/നിയമം.

*തിരുവനന്തപുരം, 2021 ആഗസ്റ്റ് 24*
*1197 ചിങ്ങം 8*
*1943 ഭാദ്രം 2.*

2021 ആഗസ്റ്റ് 23-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയ താഴെപ്പറയുന്ന ഓർഡിനൻസ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

വി. ഹരി നായർ.,
*നിയമ സെക്രട്ടറി.*

GCPT. 5/2425/2021.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## 2021-ലെ 94-ാം നമ്പർ ഓർഡിനൻസ്

## 2021-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ്

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്.

2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ഓർഡിനൻസ്

പീഠിക.—2021-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് (2021-ലെ 39) 2021 ഫെബ്രുവരി 19-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിരുന്നതിനാലും;

2021 മേയ് 24-ാം തീയതി ആരംഭിച്ച് 2021 ജൂൺ 10-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും;

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2021-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് (2021-ലെ 50) 2021 ജൂലൈ 1-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിരുന്നതിനാലും;

2021 ജൂലൈ 22-ാം തീയതി ആരംഭിച്ച് 2021 ആഗസ്റ്റ് 13-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും;

ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം പ്രസ്തുത ഓർഡിനൻസിന് 2021 സെപ്റ്റംബർ 2-ാം തീയതി പ്രാബല്യമില്ലാതായിത്തീരുമെന്നതിനാലും;

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്താതിരിക്കുന്ന പക്ഷം വൈഷമ്യങ്ങൾ ഉണ്ടാകുമെന്നതിനാലും;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും താൻ സത്വര നടപടി എടുക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യമായിരിക്കുന്നതിനാലും;

ഇപ്പോൾ, അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള ഗവർണ്ണർ താഴെപ്പറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ഓർഡിനൻസിന് 2021-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് എന്ന് പേര് പറയാം.

(2) ഇത് 2021 ഫെബ്രുവരി 20-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2015-ലെ 17-ാം ആക്റ്റ് താൽക്കാലികമായി ഭേദഗതി ചെയ്യപ്പെടേണ്ടതാണ്.— ഈ ഓർഡിനൻസ് നിലവിലിരിക്കുന്ന കാലയളവിൽ 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിന് (2015-ലെ 17) (ഇതിനു ശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3 മുതൽ 14 വരെ വകുപ്പുകളിൽ പരാമർശിച്ചിരിക്കുന്ന ഭേദഗതികൾക്ക് വിധേയമായി പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

3. 2-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 2-ാം വകുപ്പിൽ,—

(i) (ഐ) ഖണ്ഡത്തിൽ,—

(എ) "പഠനശാഖ" എന്ന വാക്കിനുശേഷം "അല്ലെങ്കിൽ പ്രോഗ്രാം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) "പ്രത്യേക പഠന കോഴ്സ്" എന്ന വാക്കുകൾക്ക് പകരം "പഠനശാഖ അല്ലെങ്കിൽ പ്രോഗ്രാം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (പി) ഖണ്ഡത്തിൽ,—

(എ) "എഞ്ചിനീയറിംഗ് കോഴ്സ്" എന്ന വാക്കുകൾക്ക് ശേഷം "അല്ലെങ്കിൽ കോഴ്സ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) "പഠന കോഴ്സ്" എന്ന വാക്കുകൾക്ക് പകരം "എഞ്ചിനീയറിംഗ് കോഴ്സ് അല്ലെങ്കിൽ കോഴ്സ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) (ഇസഡ് ക്യൂ) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

"(ഇസഡ് ക്യഎ) "യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ" എന്നാൽ 1956-ലെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ആക്റ്റ് (1956-ലെ 3-ാം കേന്ദ്ര ആക്റ്റ്) മൂലം സ്ഥാപിതമായ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ എന്നർത്ഥമാകുന്നു;".

4. <u>5-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 5-ാം വകുപ്പിൽ,—

(i) (ജി) ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(ജി) വിവിധ പ്രോഗ്രാമുകളിലെ കോഴ്സുകളിലും അതുമായി ബന്ധപ്പെട്ട മേഖലകളിലും ഇന്റർ ഡിസിപ്ലിനറി, മൾട്ടി ഡിസിപ്ലിനറി അല്ലെങ്കിൽ ഇൻട്രാ ഡിസിപ്ലിനറി വിദ്യാഭ്യാസവും ഗവേഷണവും പ്രോത്സാഹിപ്പിക്കുക;";

(ii) (പി) ഇനത്തിന് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(ക്യു) എഞ്ചിനീയറിംഗ് കോളേജിൽ നൂതന ആശയങ്ങൾ, ബിസിനസ് ഇൻക്യൂബേഷൻ, തൊഴിൽശേഷി വികസനം എന്നിവ പ്രോത്സാഹിപ്പിക്കുക.".

5. <u>8-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 8-ാം വകുപ്പിൽ, (v)-ാം ഇനത്തിന് ശേഷം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(vഎ) സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്യുന്നതിനും അഫിലിയേറ്റ് ചെയ്ത ഒരു കോളേജോ സ്ഥാപനമോ നടത്തുന്ന പ്രോഗ്രാമുകൾക്കും കോഴ്സുകൾക്കും അഫിലിയേഷൻ നൽകുന്നതിനുമുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ചെയ്യുക;

(vബി) നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്ന പ്രോഗ്രാമുകൾക്കും കോഴ്സുകൾക്കും എ.ഐ.സി.ടി.ഇ. അല്ലെങ്കിൽ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനിൽനിന്നും അംഗീകാരം ലഭിക്കുന്നതിനുള്ള നിരാക്ഷേപപത്രം നൽകുക;".

6. <u>11-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 11-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ, "വിദ്യാഭ്യാസത്തിന്റെ" എന്ന വാക്കിനുപകരം "ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

7. <u>13-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 13-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ii)-ാം ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(ii) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം;".

8. <u>15-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 15-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

"(1) വൈസ്-ചാൻസലർ ശിപാർശ ചെയ്യുന്ന, എഞ്ചിനീയറിംഗ് സാങ്കേതികശാസ്ത്ര രംഗത്ത് പ്രവർത്തിക്കുന്നതും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന യോഗ്യതകൾ ഉള്ളതുമായ ഒരാളെ പ്രോ-വൈസ്-ചാൻസലറായി സിൻഡിക്കേറ്റ് നിയമിക്കേണ്ടതും അദ്ദേഹം സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതുമാണ്.";

(ii) (4)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) പ്രോ-വൈസ്-ചാൻസലറുടെ ശമ്പളവും മറ്റു ആനുകൂല്യങ്ങളും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ റെഗുലേഷനുകൾ പ്രകാരവും മറ്റു സേവനവ്യവസ്ഥകൾ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരവുമായിരിക്കുന്നതാണ്.";

(iii) (5)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(5) ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്കു വിധേയമായി പ്രോ-വൈസ്-ചാൻസലറുടെ അധികാരങ്ങളും കടമകളും കർത്തവ്യങ്ങളും വൈസ്-ചാൻസലർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പ്രകാരമായിരിക്കുന്നതും പ്രോ-വൈസ്-ചാൻസലർ അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള കടമകളും കർത്തവ്യങ്ങളും നിർവ്വഹിക്കേണ്ടതുമാണ്.".

9. 16-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 16-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ, "സെലക്ഷൻ കമ്മിറ്റി ശിപാർശ ചെയ്യുന്ന ഒരാളെ സർക്കാർ അനുമതിയോടുകൂടി" എന്നീ വാക്കുകൾക്ക് പകരം "സെലക്ഷൻ കമ്മിറ്റി ശിപാർശ ചെയ്യുന്ന മൂന്ന് പേരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാളെ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

10. 17-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 17-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ, "സെലക്ഷൻ കമ്മിറ്റി ശിപാർശ ചെയ്യുന്ന ഒരാളെ" എന്നീ വാക്കുകൾക്ക് പകരം "സെലക്ഷൻ കമ്മിറ്റി ശിപാർശ ചെയ്യുന്ന മൂന്ന് പേരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാളെ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

11. 23-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 23-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ,—

(i) "എക്സ്-ഒഫിഷ്യോ അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ (xv)-ാം ഇനത്തിന് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(xvi) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വൈസ്-ചെയർമാൻ.";

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ii) "തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ (ii)-ാം ഇനത്തിന് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(iii) സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത കോളേജുകളിൽനിന്നും ഒൻപത് അദ്ധ്യാപക പ്രതിനിധികൾ, അവരിൽ മൂന്നു പേർ സർക്കാർ കോളേജുകളിൽനിന്നും രണ്ടു പേർ എയ്ഡഡ് കോളേജുകളിൽനിന്നും രണ്ടു പേർ സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകളിൽനിന്നും രണ്ടു പേർ അൺ എയ്ഡഡ് കോളേജുകളിൽനിന്നും ആയിരിക്കേണ്ടതാണ്. സർക്കാർ കോളേജുകളിൽനിന്നും ഉള്ളവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്.";

(iii) "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ (vii)-ാം ഇനത്തിന് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(viii) ശാസ്ത്രം, വ്യവസായം, ഉന്നത വിദ്യാഭ്യാസം എന്നീ മേഖലകളിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ആറ് അംഗങ്ങൾ, അവരിലൊരാൾ വനിതയും ഒരാൾ പട്ടികജാതികളിലോ പട്ടികഗോത്ര വർഗ്ഗങ്ങളിലോപ്പെട്ടയാളും ആയിരിക്കേണ്ടതാണ്.";

(iv) "മറ്റ് അംഗങ്ങൾ" എന്ന ശീർഷകവും അതിൻകീഴിലുള്ള ഇനങ്ങളും വിട്ടുകളയേണ്ടതാണ്.

12. <u>27-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 27-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ, "മറ്റ് അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിൽ "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളിൽനിന്നും ബോർഡ് ഓഫ് ഗവർണേഴ്സ് നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം" എന്നീ വാക്കുകൾക്ക് പകരം, "23-ാം വകുപ്പിലെ, "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിൽ, (viii)-ാം ഇനത്തിൽ പറഞ്ഞിരിക്കുന്ന അംഗങ്ങൾ." എന്നീ വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്.

13. <u>28-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 28-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ "സിൻഡിക്കേറ്റിന്റെ ഒരു യോഗത്തിന്റെ ക്വാറം അഞ്ച് ആയിരിക്കുന്നതാണ്" എന്നീ വാക്കുകൾക്ക് പകരം "സിൻഡിക്കേറ്റിന്റെ ഒരു യോഗത്തിന്റെ ക്വാറം അതിലെ ആകെ അംഗങ്ങളുടെ എണ്ണത്തിന്റെ രണ്ടിലൊന്നായിരിക്കുന്നതാണ്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

14. <u>35-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 35-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"35. <u>ഗവേഷണ കൗൺസിലിന്റെ രൂപീകരണം</u>.—(1) താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയ ഒരു ഗവേഷണ കൗൺസിൽ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(i) വൈസ്-ചാൻസലർ—ചെയർമാൻ;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ii) പ്രോ-വൈസ്-ചാൻസലർ;

(iii) വൈസ്-ചെയർമാൻ, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ—എക്സ്-ഒഫിഷ്യോ അംഗം;

(iv) ഡയറക്ടർ, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ചെന്നൈ—എക്സ്-ഒഫിഷ്യോ അംഗം;

(v) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, സംസ്ഥാന നിയമംമൂലം സ്ഥാപിതമായ ഒരു സർവ്വകലാശാലയിലെ വൈസ്-ചാൻസലർ—എക്സ്-ഒഫിഷ്യോ അംഗം;

(vi) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ—എക്സ്-ഒഫിഷ്യോ അംഗം;

(vii) വൈസ്-ചാൻസലറുടെ ശിപാർശയിന്മേൽ ബോർഡ് ഓഫ് ഗവർണേഴ്സ് നാമനിർദ്ദേശം ചെയ്യുന്ന അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിൽനിന്നും പി.എച്ച്.ഡി.-യും കുറഞ്ഞത് പത്തുവർഷത്തെ അദ്ധ്യാപന പരിചയവുമുള്ള ആറ് അദ്ധ്യാപകർ;

(viii) സർവ്വകലാശാലയിലെയോ അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിലെയോ ഗവേഷണ വിദ്യാർത്ഥികളിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് വിദ്യാർത്ഥി പ്രതിനിധികൾ, അവരിലൊരാൾ വനിത ആയിരിക്കേണ്ടതാണ്;

(ix) ദേശീയതലത്തിലുള്ള ഗവേഷണ സ്ഥാപനങ്ങളിൽനിന്നോ അക്കാദമിക സ്ഥാപനങ്ങളിൽനിന്നോ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ആറ് ശ്രേഷ്ഠരായ വ്യക്തികൾ;

(x) ഡീൻ (ഗവേഷണം)—മെമ്പർ സെക്രട്ടറി.

(2) ഗവേഷണ കൗൺസിൽ, വൈസ്-ചാൻസലർ തീരുമാനിക്കുന്ന അങ്ങനെയുള്ള സമയങ്ങളിൽ യോഗം ചേരേണ്ടതാണ്:

എന്നാൽ, ഏറ്റവും കുറഞ്ഞത് രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതാണ്.

(3) ഗവേഷണ കൗൺസിലിന്റെ യോഗത്തിന്റെ ക്വാറം അതിന്റെ മൊത്തം അംഗങ്ങളുടെ മൂന്നിലൊന്നായിരിക്കുന്നതാണ്. വൈസ്-ചാൻസലറുടെ നിർദ്ദേശ പ്രകാരം ഗവേഷണ കൗൺസിലിന്റെ യോഗം ഡീൻ (ഗവേഷണം) വിളിച്ചുചേർക്കേണ്ടതാണ്.

(4) ഗവേഷണ കൗൺസിലിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ ഔദ്യോഗിക കാലാവധി തുടർച്ചയായ രണ്ട് അദ്ധ്യയന വർഷങ്ങൾ ആയിരിക്കുന്നതും രണ്ടാമത്തെ അദ്ധ്യയന വർഷത്തിന്റെ അവസാനം കാലാവധി തീരുന്നതുമാണ്. ഗവേഷണ കൗൺസിലിലെ മറ്റ് അംഗങ്ങളുടെ ഔദ്യോഗിക കാലാവധി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സർവ്വകലാശാലയിലോ സർവ്വകലാശാലയുടെ അങ്ങനെയുള്ള അധികാരസ്ഥാനത്തോ അവർ വഹിക്കുന്ന ഔദ്യോഗിക സ്ഥാനത്തോടൊപ്പം അവസാനിക്കുന്നതാണ്.".

15. റദ്ദാക്കലും ഒഴിവാക്കലും.—(1) 2021-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് (2021-ലെ 50) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

**ആരിഫ് മുഹമ്മദ് ഖാൻ,**
***ഗവർണ്ണർ.***

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# GOVERNMENT OF KERALA

## Law (Legislation-G) Department

### NOTIFICATION

No. 3776/Leg. G2/2021/Law.

*Dated, Thiruvananthapuram, 24th August, 2021*
*8th Chingam, 1197*
*2nd Bhadra, 1943.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorize the publication in the Gazette of the following translation in English language of the A.P. J. Abdul Kalam Technological University (Amendment) Ordinance, 2021 (94 of 2021).

By order of the Governor,

V. HARI NAIR.,
*Law Secretary.*

GCPT. 5/2425/2021.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

[Translation in English of "2021-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ്" published under the authority of the Governor.]

## ORDINANCE No. 94 OF 2021

# THE A.P.J. ABDUL KALAM TECHNOLOGICAL UNIVERSITY (AMENDMENT) ORDINANCE, 2021

Promulgated by the Governor of Kerala in the Seventy-second Year of the Republic of India.

*AN*

*ORDINANCE*

*further to amend the A.P.J. Abdul Kalam Technological University Act, 2015.*

*Preamble.*—WHEREAS, the A.P.J. Abdul Kalam Technological University (Amendment) Ordinance, 2021 (39 of 2021) was promulgated by the Governor of Kerala on the 19th day of February, 2021;

AND WHEREAS, a Bill to replace the said Ordinance by an Act of the State Legislature could not be introduced in, and passed by, the Legislative Assembly of the State of Kerala, during its session which commenced on the 24th day of May, 2021 and ended on the 10th day of June, 2021;

AND WHEREAS, in order to keep alive the provisions of the said Ordinance, the A.P.J. Abdul Kalam Technological University (Amendment) Ordinance, 2021 (50 of 2021) was promulgated by the Governor of Kerala on the 1st day of July, 2021;

AND WHEREAS, a Bill to replace the said Ordinance by an Act of the State Legislature could not be introduced in, and passed by, the Legislative Assembly of the State of Kerala, during its session which commenced on the 22nd day of July, 2021 and ended on the 13th day of August, 2021;

AND WHEREAS, under sub-clause (a) of clause (2) of Article 213 of the Constitution of India, the said Ordinance will cease to operate on the 2nd day of September, 2021;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

AND WHEREAS, difficulties will arise if the provisions of the said Ordinance are not kept alive;

AND WHEREAS, the Legislative Assembly of the State of Kerala is not in session and the Governor of Kerala is satisfied that circumstances exist which render it necessary for him to take immediate action;

NOW, THEREFORE, in exercise of the powers conferred by clause (1) of Article 213 of the Constitution of India, the Governor of Kerala is pleased to promulgate the following Ordinance:—

1. *Short title and commencement.*—(1) This Ordinance may be called the A.P.J. Abdul Kalam Technological University (Amendment) Ordinance, 2021.

(2) It shall be deemed to have come into force on the 20th day of February, 2021.

2. *Act 17 of 2015 to be temporarily amended.*—During the period of operation of this Ordinance, the A.P.J. Abdul Kalam Technological University Act, 2015 (17 of 2015) (hereinafter referred to as the principal Act) shall have effect subject to the amendments specified in sections 3 to 14.

3. *Amendment of section 2.*—In section 2 of the principal Act,—

(i) in clause (i),—

(a) after the words "branch of study" the words "or programme" shall be inserted;

(b) for the words "specialized course of study" the words "branch of study or programme" shall be substituted;

(ii) in clause (p),—

(a) after the words "engineering course" the words "or course" shall be inserted;

(b) for the words "course of study" the words "engineering course or course" shall be substituted;

(iii) after clause (zq), the following clause shall be inserted, namely:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

"(zqa) "University Grants Commission" means the University Grants Commission established by the University Grants Commission Act, 1956 (Central Act 3 of 1956);".

4. *Amendment of section 5.*—In section 5 of the principal Act,—

(i) for item (g), the following item shall be substituted, namely:—

"(g) to promote interdisciplinary, multidisciplinary or intra disciplinary education and research in courses of various programmes and fields related to it;";

(ii) after item (p), the following item shall be inserted, namely:—

"(q) to promote new ideas, business incubation and development of employment efficiency in Engineering college.".

5. *Amendment of section 8.*—In section 8 of the principal Act, after item (v), the following items shall be inserted, namely:—

"(v a) to determine criteria for affiliation with the University and to grant affiliation to the programmes and courses conducted by an affiliated college or institution;

(v b) to issue No Objection Certificate for obtaining recognition from A.I.C.T.E or University Grants Commission to the programmes and courses that complies specific criteria;".

6. *Amendment of section 11.*—In sub-section (1) of section 11 of the principal Act, for the word "Education" the words "Higher Education Department" shall be substituted.

7. *Amendment of section 13.*—For item (ii) of sub-section (2) of section 13 of the principal Act, the following item shall be substituted, namely:—

"(ii) one member nominated by the University Grants Commission;".

8. *Amendment of section 15.*—In section 15 of the principal Act,—

(i) for sub-section (1), the following sub-section shall be substituted, namely:—

"(1) The Syndicate shall, appoint a person recommended by the Vice-Chancellor who is working in the field of engineering technology and having qualifications as may be

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

prescribed by Statutes as the Pro-Vice-Chancellor and he shall be a whole time salaried officer of the University.";

(ii) for sub-section (4), the following sub-section shall be substituted, namely:—

"(4) The salary and other allowances of the Pro-Vice-Chancellor shall be in accordance with the Regulations of the University Grants Commission and other service conditions shall be such as may be prescribed by Statutes.";

(iii) for sub-section (5), the following sub-section shall be substituted, namely:—

"(5) Subject to the provisions of this Act and Statutes, the powers, responsibilities and duties of the Pro-Vice-Chancellor shall be as may be determined by the Vice-Chancellor from time to time and the Pro-Vice-Chancellor shall exercise such powers and perform such responsibilities and duties.".

9. *Amendment of section 16.*—In sub-section (1) of section 16 of the principal Act, for the words "with the approval of the Government appoint a person recommended by a Selection Committee" the words "appoint a person nominated by the Government from among three persons recommended by a Selection Committee" shall be substituted.

10. *Amendment of section 17.*—In sub-section (1) of section 17 of the principal Act, for the words "a person recommended by a Selection Committee" the words "a person nominated by the Government from among three persons recommended by a Selection Committee" shall be substituted.

11. *Amendment of section 23.*—In sub-section (1) of section 23 of the principal Act,—

(i) under the heading "Ex-officio Members" after item (xv), the following item shall be inserted, namely:—

"(xvi) The Vice-Chairman, Kerala State Higher Education Council.";

(ii) under the heading "Elected Members", after item (ii), the following item shall be inserted, namely:—

"(iii) Nine representatives from teachers from colleges affiliated to the University, of whom three persons shall be from Government colleges, two persons from aided

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

colleges, two persons from Government controlled self financing colleges and two persons from un-aided colleges as may be prescribed by Statutes. One person from Government Colleges shall be a woman.";

(iii) under the heading "Nominated Members" after item (vii), the following item shall be inserted, namely:—

"(viii) Six members from the field of science, industry and higher education nominated by the Government of whom one shall be a woman and one shall be belonging to Scheduled Castes or Scheduled Tribes.";

(iv) the heading "Other Members" and items thereunder shall be omitted.

12. *Amendment of section 27.*—In sub-section (1) of section 27 of the principal Act, under the heading "Other Members", for the words "One member nominated by the Board of Governors from among the nominated members" the words, figures, symbols and brackets "The members mentioned in item (viii) of section 23, under the heading "Nominated Members" shall be substituted.

13. *Amendment of section 28.*—In sub-section (1) of section 28 of the principal Act, for the words "The quorum for a meeting of the Syndicate shall be five" the words "The quorum for a meeting of the Syndicate shall be one half of its total number of members" shall be substituted.

14. *Amendment of section 35.*- For section 35 of the principal Act, the following section shall be substituted, namely:—

"35. *Constitution of Research Council.*—There shall be a Research Council consisting of the following members, namely:—

(i) The Vice-Chancellor—Chairman;

(ii) The Pro-Vice-Chancellor;

(iii) The Vice-Chairman, Kerala State Higher Education Council—*Ex-officio* Member;

(iv) The Director, Indian Institute of Technology, Chennai—*Ex-officio* Member;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(v) The Vice-Chancellor of a University established by State law, nominated by the Government—*Ex-officio* Member;

(vi) The Director, Technical Education—*Ex-officio* Member;

(vii) Six teachers having Ph.D and minimum ten years of teaching experience from affiliated colleges, nominated by the Board of Governors on the recommendation of the Vice-Chancellor;

(viii) Three student representatives nominated by the Government from research students of the University or affiliated colleges, of whom one shall be a woman;

(ix) Six eminent persons nominated by the Government from research institutions or academic institutions at national level;

(x) Dean (Research)—Member Secretary.

(2) The Research Council shall meet at such times as decided by the Vice-Chancellor:

Provided that, meeting shall be convened at least once in two months.

(3) The quorum of meeting of the Research Council shall be one third of its total members. The Dean (Research) shall convene the meeting of the Research Council under the direction of the Vice-Chancellor.

(4) The term of office of the nominated members of the Research Council shall be two consecutive academic years and it shall expire at the end of the second academic year. The term of office of other members of the Research Council shall be co-terminus with the office they hold in the University or such authority of the University.

15. *Repeal and saving.*—(1) The A.P.J. Abdul Kalam Technological University (Amendment) Ordinance, 2021 (50 of 2021) is hereby repealed.

(2) Notwithstanding such repeal, anything done or deemed to have been done or any action taken or deemed to have been taken under the principal Act as amended by the said Ordinance shall be deemed to have been done or taken under the principal Act as amended by this Ordinance.

ARIF MOHAMMED KHAN,

*GOVERNOR.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2021.08.24 09:14:29 +05:30